# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/265/2016 | <u>പത്രക്കുറിപ്പ്</u> | 2016 **ഡിസംബർ 14**

**പ്രാക്ടിക്കൽ പരീക്ഷ**
2016 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ (റഗുലർ/സപ്ലിമെന്ററി) സിയന്ന കോളേജ് ഓഫ് പ്രൊഫഷണൽ സ്റ്റഡീസിലും വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിലും വച്ച് ഡിസംബർ 21ന് നടത്തും. വിദ്യാർത്ഥികൾ ഒറിജിനൽ ഹാൾടിക്കറ്റുമായി അതാത് കോളേജിൽ ഹാജരാകേണ്ടതാണ്. വിശദ വിവരങ്ങൾ സർവ്വകലാശാലാ സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**
2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി.സ്റ്റാറ്റിസ്റ്റിക്സ് (സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 23 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ജനറൽ സോഷ്യൽ സയൻസ് (സി.എസ്.എസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി.ഹോംസയൻസ് – സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി (ബ്രാഞ്ച് എ,സി,ഡി,ഇ) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി.സൈക്കോളജി (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 28 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം അർദ്ധവർഷ എം.എ സംസ്കൃതം (ജനറൽ) സി.എസ്.എസ് (റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 28 വരെ സ്വീകരിക്കും.

2016 ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് വിത്ത് കംപ്യൂട്ടർ അപ്ലിക്കേഷൻ (പി.ജി.സി.എസ്.എസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 28 വരെ സ്വീകരിക്കും.

2016 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.ബി.എ. ഓഫ് കാമ്പസ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. തൃശ്ശൂർ നിർമ്മല ഓഫ് കാമ്പസ് സെന്ററിലെ ട്രീസാ മിന്നു. റ്റി.ജെ.(2153/3200)ഒന്നാം റാങ്കും ചാലക്കുടി സെന്റ് ആൻസ് ഓഫ് കാമ്പസ് സെന്ററിലെ മേരി ഡേവിസ് (2097/3200) രണ്ടാം റാങ്കും നിർമ്മല ഓഫ് കാമ്പസ് സെന്ററിലെ നൈസി അന്റോ (2081/3200) മൂന്നാം റാങ്കും നേടി.ു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഡിസംബർ 29 വരെ സ്വീകരിക്കും.

**ട്രേഡ്സ്മാൻ വാക്ക് ഇൻ ഇന്റർവ്യൂ**
മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ മുട്ടത്തു പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ ട്രേഡ്സ്മാൻ തസ്തികയിലേക്ക് 400 രൂപ ദിവസ വേതനത്തിൽ (താൽക്കാലികടിസ്ഥാനത്തിൽ) 179 ദിവസത്തേക്ക് നിയമിക്കുവാൻ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. പോളിമർ എഞ്ചിനിയറിംഗ് ഡിപ്പാർട്ട്മെന്റിൽ ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള അപേക്ഷകർ ഐ.റ്റി.ഐ / റ്റി.എച്ച്.എസ്.എൽ.സി /വി.എച്ച്.എസ്.ഇ പോളിമർ കെമിസ്ട്രി/ബി.എസ്സി.കെമിസ്ട്രിയോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിൽ ട്രേഡ്സ്മാൻ തസ്തികയിലേക്ക് അപേക്ഷിക്കുന്നവർ ഐ.റ്റി.ഐ യോ (ഇലക്ട്രീഷ്യൻ) തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം. പ്രായം 18 നും 40 നും മദ്ധ്യേ. താൽപര്യമുള്ള അപേക്ഷകർ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 20ന് രാവിലെ 10 മണിക്ക് കോളേജിൽ നേരിട്ട് ഹാജരാകണം ഫോൺ : **04862 256222, 04862 256534**

**അശുദ്ധജലത്തെ തിരിച്ചറിയുന്ന സെൻസറുകളും ശുദ്ധീകരിക്കുന്ന നാനോ റോബോട്ടുകളും ഇന്നിന്റെ ആവശ്യം : ഡോ: കുരുവിള ജോസഫ്.**
അശുദ്ധജലത്തെ തിരിച്ചറിയുന്ന സെൻസറുകളും ശുദ്ധീകരണത്തിനുള്ള നാനോ റോബോട്ടുകളും ഇന്നത്തെ ആവശ്യമാണെന്ന് തിരുവനന്തപുരം ഐ.ഐ.എസ്.റ്റിയിലെ ഡോ: കുരുവിള ജോസഫ്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്ന ജലശുദ്ധീകരണത്തെപ്പറ്റിയുള്ള ഇൻഡോ – യു.കെ വർക്ക്ഷോപ്പിന്റെ മൂന്നാം ദിനത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പ്രൊഫ: സാബു തോമസ്, യു.കെ.യിലെ ബാങ്കോർ സർവ്വകലാശാലാ പ്രൊഫസർ ഡോ: ആർ.റ്റി.ദുരൈ പ്രഭാകർ, ബ്രിട്ടീഷ് ഹൈക്കമ്മീഷണർ ഓഫീസർ അദിതിശർമ്മ എന്നിവർ പങ്കെടുത്തു.

**പി.എസ്.സി എൽ.ഡി ക്ലാർക്ക് പരീക്ഷാ പരിശീലനം**
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന എൽ.ഡി ക്ലാർക്ക് പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി യൂനിവേഴ്സിറ്റി എംപ്ലോയീസ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. സർവ്വകലാശാല ക്യാമ്പസിൽ വച്ച് നടത്തുന്ന പരിശീലന പരിപാടിയിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ ബന്ധപ്പെടുക. ഫോൺ : **0481–2731025**

(ദയവായി എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുമല്ലോ)

**എം.ജി : ജൈവകാർഷിക പഠന കേന്ദ്രം– അന്താരാഷ്ട്ര സമ്മേളനം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവകാർഷിക പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കർഷകർ, കർഷകതൊഴിലാളികൾ എന്നിവരിൽ നിന്നും രജിസ്ട്രേഷൻ ക്ഷണിക്കുന്നു.അപേക്ഷകൾ പേര്, വിലാസം, കൃഷിയുടെ വിശദ വിവരങ്ങൾ, ഫോൺനമ്പർ, ഇ.മെയിൽ, ജൈവ കൃഷി വിദഗ്ധരോട് സംശയ നിവാരണത്തിന് മൂന്ന് ചോദ്യങ്ങൾ എന്നിവ സഹിതം ഡിസംബർ 21ന് വൈകീട്ട് 5 മണിക്കകം സർവ്വകലാശാലാ ഓഫീസിൽ ലഭിച്ചിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവരെ അറിയിക്കുന്നതാണ്.

വിശദവിവരങ്ങൾക്ക് : iucofsa.ac.in ഫോൺ : 0481 – 6555563, ഇ മെയിൽ : isetofsa@mgu.ac.in

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**